ഭരണഭാഷാ - മാതൃഭാഷാ

## സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ നടപടി

വിഷയം - ഡയറക്ട്രേറ്റ് ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് - ജീവനക്കാര്യം - സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് / ഇൻവസ്റ്റിഗേറ്റർ ഗ്രേഡ് I / ജൂനിയർ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർ തസ്തികകളിൽ സ്ഥാനക്കയറ്റം വഴി നിയമനങ്ങൾ നൽകി - ഉത്തരവാകുന്നു.

പരാമർശം - 1) ഈ ആഫീസിലെ 26/12/2014 തീയതിയിലെ ഗ്രഡേഷൻ സെൽ 4729/2014/ഡിഇഎസ് നമ്പർ ഉത്തരവ്

2) ഈ ആഫീസിലെ 11/12/2015 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്

3) 20/02/2009 ലെ ജിഒ(പി) നമ്പർ 09/2009/പ്ളാനിംഗ് നമ്പർ സർക്കാർ ഉത്തരവ്

4) 26/02/2011 ലെ ജിഒ(പി) നമ്പർ 85/2011/ഫിൻ നമ്പർ സർക്കാർ ഉത്തരവ്

5) സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ആലപ്പുഴ ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ 15/12/2015 ലെ ഇ(2)668/2015/ഡിഎ നമ്പർ കത്ത്

### ഉത്തരവ് നമ്പർ ഇഎ(1) 2015/2015/ഡിഇഎസ് തീയതി : 19/12/2015

പരാമർശം (3) പ്രകാരം ഉത്തരവായ സ്പെഷ്യൽ റൂൾസിൽ കാറ്റഗറി (4) ( സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് / ഇൻവസ്റ്റിഗേറ്റർ ഗ്രേഡ് II / കമ്പ്യൂട്ടർ ഓപ്പറേറ്റർ ഗ്രേഡ് II ) തസ്തികയിൽ നിന്നും കാറ്റഗറി (3) (സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് / ഇൻവസ്റ്റിഗേറ്റർ ഗ്രേഡ് I / കമ്പ്യൂട്ടർ ഓപ്പറേറ്റർ ഗ്രേഡ് I / ജൂനിയർ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർ) തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം ലഭിക്കണമെങ്കിൽ അക്കൗണ്ട് ടെസ്റ്റ് പാസാകണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഒഴിവുള്ള സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് / ഇൻവസ്റ്റിഗേറ്റർ ഗ്രേഡ് I / കമ്പ്യൂട്ടർ ഓപ്പറേറ്റർ ഗ്രേഡ് I / ജൂനിയർ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർ തസ്തികകളിലേക്ക് സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് / ഇൻവസ്റ്റിഗേറ്റർ ഗ്രേഡ് II / കമ്പ്യൂട്ടർ ഓപ്പറേറ്റർ ഗ്രേഡ് II തസ്തികകളിൽ ജോലി ചെയ്യുന്നവരിൽ സീനിയറായിട്ടുള്ള ആലപ്പുഴ ജില്ലയിലെ സ്റ്റാറ്റിസ്റ്റിക്കൽ ഇൻവസ്റ്റിഗേറ്റർ ഗ്രേഡ് II ശ്രീമതി ചിത്ര കെ യെ പരാമർശം (5) ഉത്തരവ് പ്രകാരം 13900 - 360 - 14980 - 400 - 16980 - 440 - 18740 - 500 - 21240 - 560 - 24040 /- രൂപ ശമ്പള നിരക്കിൽ ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് ഡയറക്ട്രേറ്റിൽ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ് I തസ്തികയിൽ ഉടൻ പ്രാബല്യത്തിൽ വരത്തക്ക വിധം ഉദ്യോഗക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ശ്രീമതി ചിത്ര കെ യുടെ സീനിയോറിറ്റി 11.12.2015 ലെ ഇഎ(1) 2015/2015/ഡിഇഎസ് നമ്പർ പ്രകാരം ഉദ്യോഗക്കയറ്റം ലഭിച്ച ശ്രീമതി സിന്ധുമോൾ കെ ജി (ക്രമ നമ്പർ 17) യുടെയും ശ്രീ സലീം വൈ (ക്രമ നമ്പർ 18) യുടെയും ഇടയിലായി പുനർനിർണയിച്ചിരിക്കുന്നു.

ശ്രീമതി ചിത്ര കെ അക്കൗണ്ട് ടെസ്റ്റ് വിജയിക്കാത്തതിനാൽ താൽകാലിക ഉദ്യോഗക്കയറ്റമാണ് നൽകിയിട്ടുള്ളത്. പട്ടിക ജാതി /പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട ജീവനക്കാർക്ക് നിയമാനുസൃതമായി ഇളവ് അനുവദിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ ടെസ്റ്റ് പാസായില്ലെങ്കിൽ തരം താഴ്ത്തപ്പെടുന്നതാണ്.

സ്ഥാനക്കയറ്റം വഴി നിയമനം നൽകിയ ജീവനക്കാരെ ബന്ധപ്പെട്ട നിയന്ത്രണാധികാരികൾ ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനുള്ളിലോ, പകരം ജീവനക്കാർ ജോലിക്ക് ഹാജരാകുകയോ ഏതാണോ ആദ്യം എന്ന മുറയ്ക്ക് വിടുതൽ ചെയ്യേണ്ടതും വിടുതൽ ചെയ്യുന്നതും / ജോലിയിൽ പ്രവേശിക്കുന്നതുമായ വിവരം ഈ ആഫീസിൽ അറിയിക്കേണ്ടതുമാണ്.

ഉദ്യോഗക്കയറ്റ തസ്തികയിലെ ശമ്പള നിർണയവുമായി ബന്ധപ്പെട്ട ഓപ്ഷൻ പരാമർശം (5) സർക്കാർ ഉത്തരവിലെ ഖണ്ഡിക 41 പ്രകാരം ഒരു മാസത്തിനുള്ളിൽ സമർപ്പിക്കേണ്ടതാണ്.

ഒപ്പ്

**ഐ.എസ്.സുഭാഷ് ചന്ദ്രബോസ്**
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ**

ശ്രീമതി ചിത്ര കെ ( നിയന്ത്രണാധികാരി മുഖേന)

ഇൻവസ്റ്റിഗേറ്റർ ഗ്രേഡ് II

പകർപ്പ് :

1) ഡെപ്യൂട്ടി ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് ജില്ലാ ഓഫീസ് , തിരുവനന്തപുരം / കൊല്ലം/പത്തനംതിട്ട/ആലപ്പുഴ/ഇടുക്കി/കോട്ടയം/എറണാകുളം/തൃശ്ശൂർ/പാലക്കാട്/മലപ്പുറം/ കോഴിക്കോട്/വയനാട്/കണ്ണൂർ/കാസർഗോഡ്
2) ഡയറക്ടർ, എസ്ഡിപി/എസ്ഡിആർറ്റി
3) എല്ലാ അഡീഷണൽ ഡയറക്ടർമാർക്കും
4) ഡെപ്യൂട്ടി ഡയറക്ടർ, കമ്പ്യൂട്ടർ ഡിവിഷൻ (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
5) എല്ലാ സിഎ മാർക്കും
6) അക്കൗണ്ട്സ്/ഇഎ(4)/വിജിലൻസ്/ഗ്രഡേഷൻ സെൽ
7) ഫയൽ/സ്റ്റോക്ക് ഫയൽ

**ഉത്തരവിൻ പ്രകാരം**

**സ്റ്റാറ്റിസ്റ്റിക്കൽ ആഫീസർ (അഡ്മിനിസ്ട്രേഷൻ**